## ശുദ്ധജല വിതരണ പദ്ധതി

30(193) ശ്രീ. ഉമ്മൻ ചാണ്ടി ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയർകുന്നം, കുരോമട, പാമ്പാടി, മീനടം പഞ്ചായത്തുകൾക്കും വേണ്ടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ശുദ്ധ ജലവിതരണ പദ്ധതി എപ്പോൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത് ;

(ബി) കാലതാമസം ഉണ്ടാകുവാൻ ഇടയായ സാഹചര്യങ്ങൾ ഏതെല്ലാം ;

(സി) ഈ സ്കീം എപ്പോൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ശുദ്ധികരിക്കാത്ത വെള്ളം വിതരണം ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഇ) ഈ വേനൽക്കാലത്ത് പ്രയോജനം ലഭിക്കുന്ന വിധത്തിൽ ശുദ്ധികരിക്കാത്ത വെള്ളം വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2001 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ജലശുദ്ധികരണ ശാഖയുടെ പണി ഏൽച്ചിപ്പിരുന്നത് മദ്രാസിലെ ഒരു സ്ഥാപനത്തിനായിരുന്നു. എന്നാൽ സമ്മത പത്രപ്രകാരമുള്ള പണി തുടങ്ങാതിരുന്നത് മൂലം കമ്പനിയുടെ കരാർ റദ്ദു ചെയ്തു. വീണ്ടും ദർഘാസ വിളിച്ചുവെങ്കിലും ഏറ്റെടുത്ത ആളിന് മുൻപരിചയം ഇല്ലായ്കയാലും സാമ്പത്തിക ശേഷി കുറവായതിനാലും വീണ്ടും ദർഘാസ് ക്ഷണിച്ചിരിക്കുന്നു. ഇക്കാരണങ്ങളാലാണ് കാലതാമസമുണ്ടായത്.

(സി) 2001 മാർച്ച് മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) കുടിവെള്ളം ഒഴിച്ചുള്ള ആവശ്യങ്ങൾക്കായി ഈ വേനൽക്കാലത്ത് ജലം വിതരണം ചെയ്യുന്നതിന് ജനപ്രതിനിധികളുടെ ഒരു യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടി ആരംഭിച്ചിട്ടുണ്ട്.

## ജലസേചന വകുപ്പിലെ ഡിപ്പാർട്ടുമെന്റൽ വർക്കുകൾ

31 (194) ശ്രീ. ടി.എം. ജേക്കബ് ;
ശ്രീ. ജോണി നെല്ലൂർ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പിൽ ഡിപ്പാർട്ട്മെന്റലായി ഇപ്പോൾ വർക്കുകൾ നടക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly